## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5722 — 03.11.2016 ന് മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണത്തിനുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

**(എ)** നിലവിലുണ്ട്. 1980 ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ്ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. സർക്കാർ, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ട പ്രകാരം നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുകകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75.000/- രൂപ |
| 2 | പരിക്ക് | പരമാവധി 75.000/- രൂപ (മെഡിക്കൽ ഓഫിസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. |
| 3 | മരണം | 5 ലക്ഷം രൂപ |
| 4 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

(ബി) പ്രസ്തുത സഹായം കാലാനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

**(ബി)** വർദ്ധിപ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച 22.03.2013 ലെ സർക്കാർ ഉത്തരവ് 32/2013/വനം പ്രകാരം സ്ഥായിയായ അംഗഭംഗത്തിന് നൽകിവരുന്ന പരമാവധി തുകയായ 25,000/- രൂപ 75,000/- രൂപയാക്കിയതും, കന്നുകാലികൾക്കും

കാർഷികവിളകൾക്കുമുൾപ്പെടെയുള്ള നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന പരമാവധി തുകയായ 50,000/- രൂപ 75,000/- രൂപയാക്കിയതുമാണ്. കൂടാതെ 17.11.2014 ലെ സർക്കാർ ഉത്തരവ് 96/2014/വനം പ്രകാരമാണ് ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയായും, വനത്തിനു പുറത്തുവെച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചത്.

(സി) കടന്നൽ കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കും പ്രസ്തുത പദ്ധതി പ്രകാരം തുക നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് കൂടി സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**(സി) യും (ഡി)യും** - നൽകുന്നില്ല. 1980 ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ്ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ-1, ഷെഡ്യൂൾ 2 ലെ പാർട്ട്2 എന്നിവയിൽ ഉൾപ്പെടുന്ന ജീവികൾ മൂലമുണ്ടാകുന്ന ആക്രമണത്തിനു മാത്രമേ നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളൂ. കടന്നൽ മേല്പറഞ്ഞ വിഭാഗത്തിൽ പെടാത്തതിനാൽ നിലവിലെ നിയമപ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ സാധിക്കില്ല.

Vatsala S

സെക്ഷൻ ഓഫീസർ